"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വർക്കല നഗരസഭയിൽ നിന്നും കണ്ടിജന്റ് തസ്തികയിൽ വിരമിച്ച ശ്രീമതി.വി.രാധമ്മ ജോലിയിൽ ഹാജരാകാതിരുന്ന കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമവൽക്കരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

**സ.ഉ.(സാധാ) നം.945/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/05/2020**

പരാമർശം:- 1) ശ്രീമതി.വി.രാധമ്മയുടെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത അവധി അപേക്ഷ.

2) ശ്രീമതി.വി.രാധമ്മ സമർപ്പിച്ചിട്ടുള്ള 01/06/2016, 01/09/2016 തീയതികളായുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകൾ.

3) ശ്രീമതി.വി.രാധമ്മ സമർപ്പിച്ചിട്ടുള്ള 01/09/2016 തീയതിയായുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.

4) വർക്കല നഗരസഭാ സെക്രട്ടറിയുടെ 01/12/2018, 24/06/2019 തീയതികളിലെ ജി1-7338/2017 നമ്പർ കത്തുകൾ.

5) നഗരകാര്യ ഡയറക്ടറുടെ 28/02/2019, 20/07/2019, 03/01/2020 തീയതികളിലെ ഇ2-27338/2018 നമ്പർ കത്തുകൾ.

**ഉത്തരവ്**

വർക്കല നഗരസഭയിലെ കണ്ടിജന്റ് വർക്കർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി.വി.രാധമ്മയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലേയ്ക്ക് ടിയാൾക്ക് 01.06.2016 മുതൽ 05.09.2016 വരെ 97 ദിവസം അവധി അനുവദിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതായും ശ്രീമതി.വി.രാധമ്മ പെൻഷൻ പറ്റിയിട്ടുള്ളതും നാളിതുവരെ ആനുകൂല്യങ്ങൾ ടിയാൾക്ക് അനുവദിച്ച നൽകിയിട്ടില്ലാത്തതാണെന്നും, ആയതിനാൽ ശ്രീമതി.വി.രാധമ്മയ്ക്ക് 01.06.2016 മുതൽ 05.09.2016 വരെ 97 ദിവസം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവുണ്ടാകുന്നതിനായി പരാമർശം (1) മുതൽ (3) വരെയുള്ള ടിയാളുടെ അവധി അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റ്, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ പരാമർശം (5) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ നഗരസഭാ / മുൻസിപ്പൽ കോർപ്പറേഷനുകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് കെ.എസ്.ആർ പ്രകാരമുള്ള അവധി ചട്ടങ്ങൾ ബാധകമല്ല. എന്നാൽ ശ്രീമതി.വി.രാധമ്മയുടെ അവധി കാലയളവും രോഗവിവരവും രേഖപ്പെടുത്തിയുള്ള അപേക്ഷ ലഭ്യമായിട്ടുള്ളതിനാലും, ടിയാൾ

സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യം കണക്കിലെടുത്തും ശ്രീമതി.വി.രാധമ്മ ജോലിയ്ക്ക് ഹാജരാകാതിരുന്ന 01.06.2016 മുതൽ 05.09.2016 വരെയുള്ള 97 ദിവസത്തെ കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

പകർപ്പ് :-നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, വർക്കല നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻതിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ